പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:133 04/02/2013 - ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറം - ആവിക്കൽ റോഡ് പുനർനിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറം-ആവിക്കൽ റോഡ് പുനർനിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) ടി റോഡിന് 19.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ നിർമ്മാണപ്രവൃത്തി വൈകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (ബി) പ്രസ്തുത റോഡിന്റെ കടൽതീരത്തോട് ചേർന്നുള്ള ഭാഗം കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. കടൽഭിത്തിയുടെ നിർമ്മാണം വൈകുന്നതു മൂലമാണ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടായത്. |
| (സി) നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ? | (സി) പ്രവൃത്തി നടപ്പിലാക്കുവാൻ സ്ഥലം 05/10/2012-ന് കരാറുകാരന് കൈമാറുകയും പ്രവൃത്തി പുരോഗമിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ